**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1294** **04-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം രംഗത്തെ ഉത്തേജിപ്പിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തര കേരളത്തിന്റെ വളർച്ചയ്ക്ക് മുഖ്യ പങ്ക് വഹിക്കുന്ന ടൂറിസം രംഗത്തെ ഉത്തേജിപ്പിക്കാൻ എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡിന് ശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖല സജീവമായി വരികയാണ്. വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽ തന്നെ മുൻവർഷത്തേക്കാൾ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാണെന്നാണ് കരുതുന്നത്. ഇത് മുന്നിൽ കണ്ടുകൊണ്ട് തന്നെ നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് ടൂറിസം വകുപ്പ് രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ, ഒരു ടൂറിസം പ്രോഡക്റ്റ് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, ബേപ്പൂർ റിവർ ഫെസ്റ്റ്, ചാലിയാർ റിവർ ഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ്, പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഉത്സവം പരിപാടി ഇവയൊക്കെ ഈ വർഷം ആവിഷ്കരിച്ച നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. |
| (ബി) | ഫാം ടൂറിസം, കായൽ ടൂറിസം, മെഡിക്കൽ ടൂറിസം, തീർത്ഥാടന ടൂറിസം തുടങ്ങി എല്ലാ മേഖലകളിലേയ്ക്കും ടൂറിസ്റ്റുകളെ ആകർഷിക്കാൻ വിപുലമായ ഒരുക്കങ്ങൾ നടത്താൻ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം ആകർഷണങ്ങളായി ഫാം ടൂറിസം, കായൽ ടൂറിസം, മെഡിക്കൽ ടൂറിസം, തീർത്ഥാടന ടൂറിസം എന്നിവ മാറിയിട്ടുണ്ട്. കേരളാ ടൂറിസത്തിന് പ്രാതിനിധ്യം ലഭിക്കുന്ന എല്ലാ ദേശീയ അന്തർദ്ദേശീയ ടൂറിസം ഫെയറുകളിലും ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ ആയുർവ്വേദം പ്രചരിപ്പിച്ച് വരുന്നു. കൂടാതെ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ് സൈറ്റ് എന്നിവയും ആയുർവ്വേദത്തിന്റെ പ്രചാരണത്തിന് ഉപയോഗിക്കുന്നുണ്ട്. ഫാം ടൂറിസം, കായൽ ടൂറിസം, തീർത്ഥാടന ടൂറിസം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ പരിഗണനയിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടൂറിസത്തിന്റെ സാധ്യതകൾ കണക്കിലെടുത്ത് അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപകരെ ആകർഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; ഇവർക്ക് സിംഗിൾ വിൻഡോ ക്ലിയറൻസ് നൽകുന്നതിന് നടപടിയുണ്ടാകുമോ; വ്യക്തമാക്കാമോ? | (സി) | ടൂറിസം അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപക സാധ്യത ബോധ്യപ്പെടുത്താൻ ടൂറിസം വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെയും മറ്റും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ തങ്ങളുടെ ബിസിനസ് വർധിപ്പിക്കാൻ ആവശ്യമായ മാർക്കറ്റിംഗ് ക്യാമ്പയിന്റെ ഭാഗമായും സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ